©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ആഗസ്റ്റ് 7<br>7th August 2018<br>1193 കർക്കടകം 22<br>22nd Karkadakam 1193<br>1940 ശ്രാവണം 16<br>16th Sravana 1940 | നമ്പർ<br>No. 32 |

# PART III
# Co-operative Department

**ഇടുക്കി ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്**

(1)

നമ്പർ എ.ഇ.എൽ.-5973/2017. 2018 മേയ് 31.

വിഷയം:—സ്വരാജ് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ.365—സമാപ്തീകരണം—ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—1. ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 7-11-2017-ാം തീയതിയിലെ 771/17 നമ്പർ കത്ത്.

2. ഈ ഓഫീസിലെ 30-11-2017-ാം തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

ഐ 365-ാം നമ്പർ സ്വരാജ് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം പ്രവർത്തന രഹിതമാണെന്നും സംഘം വക റിക്കാർഡുകൾ ലഭ്യമായിട്ടില്ലെന്നും സംഘത്തിനെ പുനരുദ്ധരിക്കുന്നതിന് യാതൊരു സാദ്ധ്യതയും കാണുന്നില്ലെന്നും ആയതിനാൽ സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിനെതിരെ ആക്ഷേപങ്ങൾ ക്ഷണിച്ചുകൊണ്ട് സംഘത്തിനും ഇടുക്കി ജില്ലാ സഹകരണ ബാങ്കിനും സർക്കിൾ സഹകരണ യൂണിയനും സൂചന (2) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നാളിതുവരെ ആയി ആരിൽനിന്നും യാതൊരു ആക്ഷേപങ്ങളും ഉണ്ടാകാത്ത സാഹചര്യത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിന് ആർക്കും ആക്ഷേപമില്ല എന്ന നിഗമനത്തിൽ സഹകരണ നിയമപ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ഐ 365-ാം നമ്പർ സ്വരാജ് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനും സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനും ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ബി യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും യഥാക്രമം കേരള സഹകരണനിയമം വകുപ്പ് 71 (1), 72(1) എന്നീ വകുപ്പുകൾ പ്രകാരം ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ഉടൻ തന്നെ ചാർജ്ജെടുക്കേണ്ടതും ചാർജ്ജെടുക്കുന്ന തീയതിയിലെ ബാക്കിപത്രം, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ ഉടൻ തന്നെ റിപ്പോർട്ട് ചെയ്യേണ്ടതും നിയമാനുസൃത സമാപ്തീകരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

(2)

നമ്പർ എ.ഇ.എൽ.-5974/2017. 2018 മേയ് 31.

വിഷയം:—ഉപ്പുതോട് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ.417—സമാപ്തീകരണം—ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—1. ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 7-11-2017-ാം തീയതിയിലെ 771/17 നമ്പർ കത്ത്.

2. ഈ ഓഫീസിലെ 30-11-2017-ാം തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

ഐ 417-ാം നമ്പർ ഉപ്പുതോട് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം പ്രവർത്തനരഹിതമാണെന്നും സംഘം വക റിക്കാർഡുകൾ ലഭ്യമായിട്ടില്ലായെന്നും സംഘത്തിനെ പുനരുദ്ധരിക്കുന്നതിന് യാതൊരു സാദ്ധ്യതയും കാണുന്നില്ലെന്നും ആയതിനാൽ സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിനെതിരെ ആക്ഷേപങ്ങൾ ക്ഷണിച്ചുകൊണ്ട് സംഘത്തിനും ഇടുക്കി ജില്ലാ സഹകരണ ബാങ്കിനും സർക്കിൾ സഹകരണ യൂണിയനും സൂചന (2) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നാളിതുവരെ ആയി ആരിൽനിന്നും യാതൊരു ആക്ഷേപങ്ങളും ഉണ്ടാകാത്ത സാഹചര്യത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിന് ആർക്കും ആക്ഷേപമില്ല എന്ന നിഗമനത്തിൽ സഹകരണ നിയമപ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ഐ 417-ാം നമ്പർ ഉപ്പുതോട് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനും സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനും ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ 'ബി' യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും യഥാക്രമം കേരള സഹകരണനിയമം വകുപ്പ് 71 (1), 72 (1) എന്നീ വകുപ്പുകൾ പ്രകാരം ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ഉടൻ തന്നെ ചാർജ്ജെടുക്കേണ്ടതും ചാർജ്ജെടുക്കുന്ന തീയതിയിലെ ബാക്കിപത്രം, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ ഉടൻ തന്നെ റിപ്പോർട്ട് ചെയ്യേണ്ടതും നിയമാനുസൃത സമാപ്തീകരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

(3)

നമ്പർ എ.ഇ.എൽ.-5975/2017. 2018 മേയ് 31.

വിഷയം:—ബൈസൺവാലി വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ. 308—സമാപ്തീകരണം—ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—1. ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 7-11-2017-ാം തീയതിയിലെ 771/17 നമ്പർ കത്ത്.

2. ഈ ഓഫീസിലെ 4-12-2017-ാം തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

ഐ. 308-ാം നമ്പർ ബൈസൺവാലി വനിതാ സഹകരണ സംഘം പ്രവർത്തനരഹിതമാണെന്നും സംഘംവക റിക്കാർഡുകൾ ലഭ്യമായിട്ടില്ലെന്നും സംഘത്തിനെ പുനരുദ്ധരിക്കുന്നതിന് യാതൊരു സാദ്ധ്യതയും കാണുന്നില്ലെന്നും ആയതിനാൽ സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിനെതിരെ ആക്ഷേപങ്ങൾ ക്ഷണിച്ചുകൊണ്ട് സംഘത്തിനും ഇടുക്കി ജില്ലാ സഹകരണ ബാങ്കിനും സർക്കിൾ സഹകരണ യൂണിയനും സൂചന (2) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നാളിതുവരെയായി ആരിൽനിന്നും യാതൊരു ആക്ഷേപങ്ങളും ഉണ്ടാകാത്ത സാഹചര്യത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിന് ആർക്കും ആക്ഷേപമില്ല എന്ന നിഗമനത്തിൽ സഹകരണ നിയമപ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ഐ. 308-ാം നമ്പർ ബൈസൺവാലി വനിതാ സഹകരണ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനും സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനും ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ 'സി' യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും യഥാക്രമം കേരള സഹകരണനിയമം വകുപ്പ് 71 (1), 72 (1) എന്നീ വകുപ്പുകൾ പ്രകാരം ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ഉടൻ തന്നെ ചാർജ്ജെടുക്കേണ്ടതും ചാർജ്ജെടുക്കുന്ന തീയതിയിലെ ബാക്കിപത്രം, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ ഉടൻ തന്നെ റിപ്പോർട്ട് ചെയ്യേണ്ടതും നിയമാനുസൃത സമാപ്തീകരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

(4)

നമ്പർ എ.ഇ.എൽ.-5976/2017. 2018 മേയ് 31.

വിഷയം:—രാജാക്കാട് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ. 291—സമാപ്തീകരണം—ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—1. ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 7-11-2017-ാം തീയതിയിലെ 771/17 നമ്പർ കത്ത്.

2. ഈ ഓഫീസിലെ 4-12-2017-ാം തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

ഐ. 291-ാം നമ്പർ രാജാക്കാട് പട്ടികജാതി സഹകരണ സംഘം പ്രവർത്തനരഹിതമാണെന്നും സംഘം വക റിക്കാർഡുകൾ ലഭ്യമായിട്ടില്ലായെന്നും സംഘത്തിനെ പുനരുദ്ധരിക്കുന്നതിന് യാതൊരു സാദ്ധ്യതയും കാണുന്നില്ലെന്നും ആയതിനാൽ സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിനെതിരെ ആക്ഷേപങ്ങൾ ക്ഷണിച്ചുകൊണ്ട് സംഘത്തിനും ഇടുക്കി ജില്ലാ സഹകരണ ബാങ്കിനും സർക്കിൾ സഹകരണ യൂണിയനും സൂചന (2) പ്രകാരം നോട്ടീസ്

നൽകുകയുണ്ടായി. എന്നാൽ നാളിതുവരെയായി ആരിൽനിന്നും യാതൊരു ആക്ഷേപങ്ങളും ഉണ്ടാകാത്ത സാഹചര്യത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിന് ആർക്കും ആക്ഷേപമില്ല എന്ന നിഗമനത്തിൽ സഹകരണ നിയമപ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ഐ. 291-ാം നമ്പർ രാജാക്കാട് പട്ടികജാതി സഹകരണ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനും സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനും ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ 'സി' യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചു കൊണ്ടും യഥാക്രമം കേരള സഹകരണനിയമം വകുപ്പ് 71 (1), 72 (1) എന്നീ വകുപ്പുകൾ പ്രകാരം ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ഉടൻ തന്നെ ചാർജ്ജെടുക്കേണ്ടതും ചാർജ്ജെടുക്കുന്ന തീയതിയിലെ ബാക്കിപത്രം ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ ഉടൻ തന്നെ റിപ്പോർട്ട് ചെയ്യേണ്ടതും നിയമാനുസൃത സമാപ്തീകരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

(5)

നമ്പർ എ.ഇ.എൽ.-5977/2017. 2018 മേയ് 31.

വിഷയം:—പാറത്തോട് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ. 350—സമാപ്തീകരണം—ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—1. ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 7-11-2017-ാം തീയതിയിലെ 771/17 നമ്പർ കത്ത്.

2. ഈ ഓഫീസിലെ 4-12-2017-ാം തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

ഐ. 350-ാം നമ്പർ പാറത്തോട് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം പ്രവർത്തനരഹിതമാണെന്നും സംഘം വക റിക്കാർഡുകൾ ലഭ്യമായിട്ടില്ലായെന്നും സംഘത്തിനെ പുനരുദ്ധരിക്കുന്നതിന് യാതൊരു സാദ്ധ്യതയും കാണുന്നില്ലെന്നും ആയതിനാൽ സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിനെതിരെ ആക്ഷേപങ്ങൾ ക്ഷണിച്ചുകൊണ്ട് സംഘത്തിനും ഇടുക്കി ജില്ലാ സഹകരണ ബാങ്കിനും സർക്കിൾ സഹകരണ യൂണിയനും സൂചന(2) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നാളിതുവരെയായി ആരിൽനിന്നും യാതൊരു ആക്ഷേപങ്ങളും ഉണ്ടാകാത്ത സാഹചര്യത്തിൽ ടി സംഘം സമാപ്തീകരിക്കുന്നതിന് ആർക്കും ആക്ഷേപമില്ല എന്ന നിഗമനത്തിൽ സഹകരണ നിയമപ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ഐ. 350-ാം നമ്പർ പാറത്തോട് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനും സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനും ഉടുമ്പൻചോല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ 'സി' യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചു കൊണ്ടും യഥാക്രമം കേരള സഹകരണനിയമം വകുപ്പ് 71 (1), 72 (1) എന്നീ വകുപ്പുകൾ പ്രകാരം ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ഉടൻ തന്നെ ചാർജ്ജെടുക്കേണ്ടതും ചാർജ്ജെടുക്കുന്ന തീയതിയിലെ ബാക്കിപത്രം, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ ഉടൻ തന്നെ റിപ്പോർട്ട് ചെയ്യേണ്ടതും നിയമാനുസൃത സമാപ്തീകരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, ഇടുക്കി.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

---

**ക്ലെയിം നോട്ടീസ്**

[1969-ലെ കേരള സഹകരണ സംഘം നിയമം, വകുപ്പ് 72, ചട്ടം 69, ഉപചട്ടം (2) പ്രകാരം]

നമ്പർ പി.2053/2017. 2018 ജൂൺ 8.

എം. 921 മലപ്പുറം ജില്ലാ പൗൾട്രി ഫാർമേഴ്സ് വെൽഫെയർ ആന്റ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം മലപ്പുറം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ 13-3-2018-ലെ എ. ഇ. എൽ.1022/2018 നമ്പർ ഉത്തരവ് പ്രകാരം സമാപ്തീകരണത്തിനായി സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ പെരിന്തൽമണ്ണ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. നമ്പർ എം. 921 മലപ്പുറം ജില്ലാ പൗൾട്രി ഫാർമേഴ്സ് വെൽഫെയർ ആന്റ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുകകൾ ലഭിക്കാനുണ്ടെങ്കിൽ ആയതിനുള്ള അവകാശം തെളിയിക്കുന്നതിനുള്ള മതിയായ രേഖകൾ സഹിതം ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 2 മാസത്തിനകം സംഘം ലിക്വിഡേറ്ററെ താഴെ കാണിച്ച വിലാസത്തിൽ നേരിട്ടോ ഏജന്റ്/അവകാശികൾ മുഖേനയോ അറിയിക്കേണ്ടതാണ്.

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, പെരിന്തൽമണ്ണ.

(ഒപ്പ്)
ലിക്വിഡേറ്റർ.

---

## വയനാട് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

[ഹാജർ : പി. റഹീം, ജോയിന്റ് രജിസ്ട്രാർ (ജനറൽ), വയനാട്]

നമ്പർ എ.ഇ.എൽ. 441/2018. 2018 ജൂൺ 20.

വിഷയം:—സഹകരണ വകുപ്പ്—പനമരം റബ്ബർ & അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഡബ്ള്യൂ.113—സമാപ്തീകരണ ഉത്തരവ്—സംബന്ധിച്ച്.

സൂചന:—1. സംഘത്തിൽ സഹകരണനിയമം 66 പ്രകാരം നടത്തിയ പരിശോധനയുടെ 16-1-2018-ലെ റിപ്പോർട്ട്.

2. മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 16-1-2018-ലെ 827/17 നമ്പർ കത്ത്.

3. ഈ ഓഫീസിലെ 7-2-2018-ലെ ഇതേ നമ്പർ കത്തുകൾ.

പനമരം ആസ്ഥാനമായി പ്രവർത്തിച്ചു വന്നിരുന്ന പനമരം റബ്ബർ & അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഡബ്ള്യൂ.113, അതിന്റെ പ്രവർത്തനം, ഘടന എന്നിവ സംബന്ധിച്ചും സംഘം പ്രവർത്തനം മന്ദീഭവിച്ചതിന്റെ കാരണം എന്നിവയും മറ്റും സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് ബോധിപ്പിക്കാൻ ചുമതലപ്പെടുത്തിയ പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ മാനന്തവാടി യൂണിറ്റ് ഇൻസ്പെക്ടർ നടത്തിയ പരിശോധനയിൽ സംഘം പനമരം പഞ്ചായത്ത് ഓഫീസിന് സമീപമുള്ള വാടക കെട്ടിടത്തിൽ പ്രവർത്തനം നടത്തിയിരുന്നുവെന്നും ഇപ്പോൾ പ്രവർത്തനം ഒന്നും തന്നെയില്ല എന്നും 13-5-1993-ൽ 1993-96 കാലത്തെ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തിയിരുവെന്നും ആയതിൽ 9 അംഗ ഭരണസമിതി ഉണ്ടായിരുന്നതായും പിന്നീട് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ ഓഫീസിലെ രജിസ്റ്ററിൽ നിന്നും സംഘം 2009-2014 കാലത്തേക്കുള്ള ഭരണസമിതി തെരഞ്ഞെടുപ്പ് നടത്താനുള്ള തീരുമാനം എടുത്തതായുള്ള റിക്കാർഡ് ലഭ്യമായെങ്കിലും തെരഞ്ഞെടുപ്പ് നടത്തിയതായ യാതൊരു റിക്കാർഡും ലഭ്യമായില്ലായെന്നും മുൻ ഭരണസമിതി അംഗങ്ങളുടെ മേൽവിലാസം മുഴുവൻ ലഭ്യമാകാത്തതിനാൽ ലഭ്യമായ ശ്രീ. ഇ. പി. കേശവൻ നായർ എന്ന മുൻ ഭരണസമിതി അംഗത്തിന് രജിസ്റ്റേർഡ് കത്തു നൽകിയെങ്കിലും കത്ത് മടങ്ങി വരുകയോ മറുപടിയോ, കത്ത് പ്രകാരം പ്രവർത്തിക്കുകയോ ചെയ്തിരുന്നില്ല എന്നും സംഘം 10 വർഷത്തോളമായി യാതൊരു പ്രവർത്തനവും നടത്തുന്നില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘം ഇപ്പോൾ പൂർണ്ണമായും പ്രവർത്തനരഹിതമാണെന്നും സംഘം പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാധ്യതയും ഇല്ലെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തതും ആയത് പ്രകാരം സംഘം ലിക്വിഡേറ്റ് ചെയ്യുന്നതാണ് അഭികാമ്യമെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാനന്തവാടി സൂചന (2) കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുമുണ്ട്.

സംഘം സമാപ്തീകരണം സംബന്ധിച്ച് മാനന്തവാടി സർക്കിൾ സഹകരണ യൂണിയൻ, വയനാട് ജില്ലാ സഹകരണ ബാങ്ക് എന്നിവർക്ക് നിയമാനുസരണം സൂചന (3) പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളതും അവർ ആരും തന്നെ യാതൊരു മറുപടിയും ഇക്കാര്യത്തിൽ ഈ ഓഫീസിൽ അറിയിച്ചിട്ടില്ലാത്തതുമാണ്.

മേൽ സാഹചര്യത്തിൽ ടി സംഘം അതിന്റെ അസ്ഥിത്വം സമാപ്തീകരിക്കുന്നതാണ് ഉചിതമെന്ന് എനിക്ക് ബോധ്യം വന്നിരിക്കുന്നതിനാൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

1969-ലെ സഹകരണനിയമം വകുപ്പ് 71(1) പ്രകാരം പനമരം റബ്ബർ & അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഡബ്ള്യൂ. 113-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് സഹകരണനിയമം 72 പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ പനമരം യൂണിറ്റ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന കാലത്തെ സംഘത്തിന്റെ കടധനപ്പട്ടിക തയ്യാറാക്കേണ്ടതും സംഘത്തിന്റെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളുടേയും പട്ടികയുടെ ഒരു പകർപ്പ് ഈ ഓഫീസിൽ സമർപ്പിക്കേണ്ടതും ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്,
വയനാട്.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ
(ജനറൽ).